# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2083 — 08.03.2018-ൽ മറുപടിക്ക്

## നെയ്യാറ്റിൻകരയിലെ അപകട ഭീഷണി ഉയർത്തുന്ന ട്രാൻസ്ഫോർമർ

| | ചോദ്യം<br>ശ്രീ. കെ. ആൻസലൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര അറക്കുന്ന് കടവ് റോഡിൽ കുട്ടികൾക്കും യാത്രക്കാർക്കും അപകട ഭീഷണി ഉയർത്തുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ എം എൽ എ യുടെ നിർദ്ദേശാനുസരണം കെ എസ് ഇ ബി നെയ്യാറ്റിൻകര സെക്ഷൻ കാട്ടാക്കട കെ എസ് ഇ ബി യിലേയ്ക്ക് നൽകിയ കത്തിന്റെയും എസ്റ്റിമേറ്റിന്റെയും അംഗീകാരം നൽകുന്നതിന് കാലതാമസം ഉണ്ടായത് എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ; | (എ) & (ബി) | നെയ്യാറ്റിൻകര അറക്കുന്ന് കടവ് റോഡിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നിലവിലുള്ള നിയമമനുസരിച്ച് വർക്ക് ഡെപ്പോസിറ്റ് സ്കീമിൽ ഉൾപ്പെടുത്തിയാണ് ചെയ്യേണ്ടത്. എന്നാൽ സുരക്ഷാ മാനദണ്ഡം പരിഗണിച്ച് പ്രസ്തുത പ്രവൃത്തി ബോർഡ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനു വേണ്ടി കാട്ടാക്കട സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, 09.02.2018 - ന് ദക്ഷിണ മേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് പ്രൊപ്പോസൽ അയച്ചിരുന്നു. സുരക്ഷാ മാനദണ്ഡമനുസരിച്ച് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലം പര്യാപ്തമല്ലാത്തതിനാൽ ചീഫ് എഞ്ചിനീയർ പുതുക്കിയ പ്രൊപ്പോസൽ നല്കുന്നതിനായി 23.02.2018-ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറോട് നിർദ്ദേശിക്കുകയുണ്ടായി. ഇപ്പോൾ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്ന സ്ഥലം റോഡ് വളവ് ആയതിനാൽ വളവിൽ നിന്നും വിട്ട് ഉചിതമായ സ്ഥലം കണ്ടെത്തിയാലെ അപകട സാധ്യത ഒഴിവാക്കുന്നതിന് പര്യാപ്തമാവുകയുള്ളൂ. ഫീൽഡ് തലത്തിൽ ഇത് പരിശോധിച്ചു വരുന്നു. |
| (ബി) | ട്രാൻസ്ഫോർമർ 2018 മാർച്ചിന് മുമ്പ് മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | |

Kemalatha.

സെക്ഷൻ ഓഫീസർ